**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** **04-03-2025 - ൽ മറുപടിയ്ക്ക്**

**മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ തുടങ്ങിയെന്ന കണക്ക് എപ്രകാരമാണ് തിട്ടപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു. സംരംഭകവർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. ഇതുപ്രകാരം 2022-23 സാമ്പത്തിക വർഷം മുതൽ 26.02.2025 വരെ ആകെ 345,874 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംരംഭക ഏക്കോസിസ്റ്റം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഒരു ഭാഗമാണ് ഫീൽഡ് തലത്തിൽ നിയമിച്ചിട്ടുള്ള എന്റർപ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകൾ. ഈ ഉദ്യോഗസ്ഥർ മുഖേനയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത്. സംസ്ഥാന തലത്തിലെ, സംരംഭകരുടെ പ്രൊമോഷൻ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ സഹായത്തോടെ തുടങ്ങിയ സംരംഭങ്ങൾ കൂടി ഉൾപ്പെടുന്നതാണ് ഈ കണക്ക്. സംരംഭകരുടെ |

| | | | |
|---|---|---|---|
| | | | പ്രൊമോഷൻ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി എന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ഏറ്റവും മികച്ച ഗുണഫലം. ഓരോ സാമ്പത്തിക വർഷവും ആരഭിച്ച സംരംഭങ്ങളുടെ സുസ്ഥിരത പരിശോധിക്കുന്നതിനുള്ള സർവേയും ഇതോടനുബന്ധിച്ച് നടക്കുന്നുണ്ട്. ഈ സർവേയുടെ ഭാഗമായി ഒരോ സംരംഭത്തിന്റെയും ജിയോ കോർഡിനേറ്റുകൾ ഉൾപ്പെടെയുള്ള ഫോട്ടോയും പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. |
| (ബി) | വ്യവസായ വകുപ്പിന്റെ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റ് മുഖേനയല്ലാതെ സംസ്ഥാനത്ത് ഏതൊക്കെ രീതിയിൽ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യാമെന്ന് വ്യക്തമാക്കുമോ; | (ബി) | **നാനോ സംരംഭങ്ങൾ:** വ്യവസായ വകുപ്പിന്റേയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അനുമതിയുള്ള 5 HP ൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന നാനോ ഹൗസ് ഹോൾഡ് സംരംഭങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ ആരംഭിക്കാൻ കഴിയും.<br><br>**ഉദ്യം രജിസ്ട്രേഷൻ:** എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലത്തിന്റെ ഉദ്യം പോർട്ടലിൽ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.<br><br>**നേരിട്ടുള്ള രജിസ്ട്രേഷൻ**: ഏകജാലക സംവിധാനമല്ലാതെ നേരിട്ട് മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫുഡ് സേഫ്റ്റി വകുപ്പ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് മുതലായ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള രജിസ്ട്രേഷൻ/ ലൈസൻസുകൾ/അനുമതികൾ കരസ്ഥമാക്കിക്കൊണ്ട് സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കാൻ കഴിയും.<br><br>കെ-സ്വിഫ്റ്റ് അഥവാ കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസസ് (KSWIFT) എന്നത് സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നൊരു ഓൺലൈൻ സംവിധാനമല്ല, മറിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകൾ/ ഏജൻസികൾ, സംരംഭങ്ങൾക്ക് നല്കുന്ന വിവിധ `അനുമതികൾ (പെർമിറ്റ്/ലൈസൻസ്/ എൻ.ഓ.സി/ രെജിസ്ട്രേഷൻ) സുതാര്യവും സമയബന്ധി തവുമായ രീതിയിൽ സുഗമമായി നൽകുന്നതിന് സഹായിക്കുന്നൊരു ഓൺലൈൻ ഏകജാലക സംവിധാനമാണ്. ഈ ഓൺലൈൻ സംവിധാന ത്തിലൂടെ വിവിധ വകുപ്പുകളുടെ അനുമതികൾ സംരംഭകർക്ക് നേടിയെടുക്കാവുന്നതാണ്. നിലവിൽ 23 വകുപ്പുകളുടെ 120-ൽ അധികം സേവനങ്ങൾ ഈ |

| | | | |
|---|---|---|---|
| | | | ഏകജാലക സംവിധാനത്തിലൂടെ നേടിയെടുക്കാൻ സാധിക്കുന്നതാണ്.<br><br>ഇത് കൂടാതെ, 50 കോടി രൂപയിൽ താഴെ മുതൽ മുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു എം.എസ്.എം.ഇ സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽവരുന്ന ചില അനുമതികൾ നേടുന്നതിൽ നിന്നും മൂന്നര വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട്, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രവും (കൈപ്പറ്റ് സാക്ഷ്യപത്രം) കെ-സ്വിഫ്റ്റിലൂടെ സംരംഭകർക്ക് ലഭ്യമാകുന്നതാണ്. |
| (സി) | സർക്കാർ അവകാശപ്പെടുന്ന 3 ലക്ഷം സംരംഭങ്ങൾ ഏത് പോർട്ടലിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും ഇതിന്റെ വിശദവിവരം പൊതുജനങ്ങൾക്ക് ലഭ്യമാക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ? | (സി) | സംരംഭകവർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ 26.02.2025 വരെ ആകെ 345,874 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 733,758 പേർക്ക് തൊഴിലവസരങ്ങളും 22192.75 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്. ജില്ലാ തലത്തിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ എണ്ണം, അതു വഴി ഉണ്ടായ തൊഴിലവസരങ്ങൾ, നിക്ഷേപം, ജില്ലാ തലത്തിലെ ഉത്പാദന, സേവന, കച്ചവട മേഖലയിലെ സംരംഭങ്ങളുടെ എണ്ണം, ഉത്പാദന, സേവന, കച്ചവട മേഖലയിലെ വിവിധ സെക്ടറുകളിൽപ്പെട്ട സംരംഭങ്ങളുടെ എണ്ണം, സംരംഭങ്ങളുടെ സാമൂഹിക വിഭാഗം, ജെൻഡർ എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ മുതലായവയാണ് നിലവിൽ പോർട്ടലിന്റെ പബ്ലിക് ഡൊമൈനിൽ ലഭ്യമാക്കിയിട്ടുള്ളത്. ഫീൽഡ് തലത്തിൽ ശേഖരിക്കുന്ന ഓരോ സംരംഭങ്ങളുടെയും വിവരങ്ങളുടെ സംക്ഷിപ്തമാണ് പബ്ലിക് ഡൊമൈനിൽ ലഭ്യമാക്കിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം മുതൽ ഇതു വരെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള മുഴുവൻ സംരംഭങ്ങളുടെയും വ്യക്തിഗത വിവരങ്ങൾ പോർട്ടലിന്റെ ഓഫീസ് ലോഗിനിൽ ലഭ്യമാണ്. സംരംഭകരുടെ വ്യക്തിഗത വിവരങ്ങൾ എന്ന |

| | | | |
|---|---|---|---|
| | | | നിലയ്ക്കാണ് അവ പോർട്ടലിന്റെ പബ്ലിക് ഡൊമൈനിൽ ലഭ്യമാക്കാത്തത്. |

സെക്ഷൻ ഓഫീസർ